## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3580 — 17/12/2015 ൽ മറുപടിയ്ക്ക്

### അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ എം.എൽ.എ. മുഖാന്തിരം എത്ര അപേക്ഷകൾ ലഭിച്ചു; അവരുടെ പേരും, വിലാസവും, അനുവദിച്ച തുകയും അറിയിക്കുമോ;<br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് എത്ര തുകവീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ; | (എ) യും (ബി) യും<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്ക് രോഗത്തിന്റെ വിവരം/അത്യാഹിതത്തിന്റെ സ്വഭാവം/ വി.ഐ.പി കളുടെ ശുപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ